(സി) വിലയും സംഗ്രഹവും പ്രദർശിപ്പിക്കൽ ഉത്തരവും മറ്റ് നിയന്ത്രണ ഉത്തരവുകളും കർശനമായി നടപ്പിലാക്കുന്നതിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

റൈസ് മില്ലുകൾ

1144 [1823] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റൈസ് മില്ലുകൾക്ക് എന്നാണ് ആദ്യമായി ലൈസൻസ് നൽകിയത്;

(ബി) ലൈസൻസ് നൽകുന്നതിന് ഡെപ്പോസിറ്റ് തുക എത്രയായിരുന്നു;

(സി) പ്രസ്തുത ഡെപ്പോസിറ്റ് തുകയ്ക്ക് ബോണ്ട് നൽകിയിരുന്നുവോ;

(ഡി) ഈ ബോണ്ടിന്റെ കാലാവധി എന്നുവരെയാണ്;

(ഇ) 1960-നുശേഷം ലൈസൻസ് കൊടുക്കുവാൻ ഡെപ്പോസിറ്റായ 200 രൂപ പോസ്റ്റാഫീസിൽ നിക്ഷേപിക്കണമെന്നും അതിന് പാസ് ബുക്ക് നൽകണമെന്നും വ്യവസ്ഥ ഉണ്ടായിരുന്നോ;

(എഫ്) എങ്കിൽ അതിനുള്ള പദ്ധതി നിരക്ക് എന്തായിരുന്നു.

(ജി) ബോണ്ടിന്റെ കാലാവധി അവസാനിച്ചവരുടെ ഡെപ്പോസിറ്റ് തുക പോസ്റ്റാഫീസിൽ നിക്ഷേപിച്ച് പാസ് ബുക്ക് നൽകുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) റൈസ് മില്ലിംഗ് ചട്ടങ്ങൾ 1959 നിലവിൽവന്ന 22-4-1959 മുതൽ.

(ബി) ഹള്ളർ മില്ലുകൾക്ക് 200 രൂപയും മറ്റിനം മില്ലുകൾക്ക് 500 രൂപയും.

(സി) ബോണ്ട് ആവശ്യമില്ലായിരുന്നു.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) വിവിധ രീതിയിൽ ഡെപ്പോസിറ്റ് തുക നിക്ഷേപിക്കാവുന്നതാണ്. പോസ്റ്റാഫീസിൽ ഡെപ്പോസിറ്റ് തുക നിക്ഷേപിക്കണമെന്നുള്ളതും അതിന് പാസ് ബുക്ക് നൽകണമെന്നുള്ളതും നിലവിലുള്ള വ്യവസ്ഥകളിൽ ഒന്നുമാത്രമാണ്.

(എഫ്) അപ്പോഴപ്പോൾ കേന്ദ്രഗവൺമെന്റ് നിശ്ചയിക്കുന്ന നിരക്ക് അനുസരിച്ച്.

(ജി) പോസ്റ്റാഫീസിൽ ഡെപ്പോസിറ്റ് തുക നിക്ഷേപിക്കാനുള്ള വ്യവസ്ഥ ഇപ്പോഴത്തെന്ന നിലവിലുണ്ട്. സർട്ടിഫിക്കറിന്റെ കാലാവധി തീരുന്ന മുറയ്ക്ക് പുതിയ സെക്യൂരിറ്റി നൽകിക്കൊണ്ട് കൈവശമുള്ള സർട്ടിഫിക്കറ്റുകൾ മടക്കി വാങ്ങിവരുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly